# മീൻവല്ലം പദ്ധതി നടത്തിപ്പിൽ ഗുരുതരമായ നിയമലംഘനവും ധനദുർവിനിയോഗവും – ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട്

**മീൻവല്ലം** പദ്ധതി നിയമാനുസൃതമായല്ലാതെ ജില്ലാപഞ്ചായത്ത് ഏറ്റെടുത്ത ചെറുകിട ജലവൈദ്യുത പദ്ധതിയാണെന്നും പ്രായോഗികമാക്കാൻ ഒട്ടേറെ നിയമസാങ്കേതിക തടസ്സങ്ങൾ ഉണ്ടെന്നും രണ്ടു കോടിരൂപാ പദ്ധതി ഫണ്ട് മൃതനിക്ഷേപമായി കിടക്കുന്നുവെന്നും കടമെടുത്ത മൂന്നര കോടി രൂപയുടെ യന്ത്രസാമഗ്രികൾ തുരുമ്പെടുത്ത് നശിക്കുന്നെന്നും അതിനാൽ നാളിതുവരെ സ്വീകരിച്ച നടപടികൾ പരിശോധിച്ച് നഷ്ടവും നഷ്ടോത്തരവാദിത്തവും തിട്ടപ്പെടുത്തുവാൻ ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നു. ഭാരതപ്പുഴയുടെ ഉപപോഷകനദിയായ തുപ്പനാട്ടുപുഴയിൽ തടയണ നിർമ്മിച്ച് പെൻസ്റ്റോക്ക് പൈപ്പുവഴി ജലം തിരിച്ചുവിട്ട് രണ്ടു ജനറേറ്ററുകളുപയോഗിച്ച് 3 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്. പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾ ഇതുപോലുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് സർക്കാർ ഈ വിഷയത്തിൽ ആവശ്യമായ നിയമനിർമ്മാണം നടത്തേണ്ടതായുണ്ട്. കേരളപഞ്ചായത്ത്രാജ് നിയമം 173-ാം വകുപ്പനുസരിച്ച് ജില്ലാപഞ്ചായത്തിന് പ്രദേശത്തിന്റെ ആവശ്യത്തിലേക്കായി 100 കിലോവാട്ടിൽ താഴെയുള്ള മൈക്രോ ഹൈഡൽ പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. എന്നാൽ "മീൻവല്ലം പദ്ധതി ജില്ലാപഞ്ചായത്തിനെ നിയമം അനുവദിക്കുന്നതിന്റെ 30 ഇരട്ടി വലിപ്പമുള്ളതും 10 കോടിയിലധികം രൂപ ചെലവുള്ളതും വൈദ്യുതി ഉല്പാദിപ്പിച്ച് വിൽക്കാൻ ഉദ്ദേശിച്ചിട്ടുള്ളതും ആണ്". നടപടികൾ ആദ്യം അനുമതികൾ പുറകെ" എന്നതാണ് മീൻവല്ലം പദ്ധതിയുടെ നിർവഹണക്രമം. ഇപ്രകാരം ഒട്ടേറെ അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. മിക്കതിനും നാളിതുവരെ അനുമതി ലഭിച്ചിട്ടില്ല. ഉദ്ദേശിച്ച മൂലധനം സമാഹരിച്ച ജില്ലാപഞ്ചായത്ത് നിർവഹണാധികാരികൾ ലംഘിച്ച നിയമവ്യവസ്ഥകൾ നിരവധിയാണ്. പദ്ധതി നടത്തിപ്പിനായി രജിസ്റ്റർ ചെയ്ത "പാലക്കാട് സ്മോൾ ഹൈഡ്രോ ഇലക്ട്രിസിറ്റി കമ്പനി ലിമിറ്റഡി"ന്റെ നിയമസാധുതന്നെ ചോദ്യം ചെയ്യപ്പെടുന്നു. സർക്കാർ ഒരു "സർക്കാർ കമ്പനി" രൂപീകരിക്കുന്നതുപോലെ പഞ്ചായത്തിന് ഒരു "പഞ്ചായത്ത് കമ്പനി" രൂപീകരിച്ച് രജിസ്റ്റർ ചെയ്യുക സാദ്ധ്യമല്ല തന്നെ. പഞ്ചായത്ത് രാജ് നിയമം 35 എഫ്, 250, ഭരണഘടനയുടെ അനുച്ഛേദം 243 എഫ്, 191 എ എന്നിവ അനുസരിച്ച് പഞ്ചായത്തംഗങ്ങൾ ഓഹരി ഉടമകളും ഡയറക്ടറുമായ കമ്പനിക്ക് പഞ്ചായത്തിന്റെ പണമോ പദ്ധതിയോ നൽകിയാൽ, നിർവഹണാധികാരികൾ അയോഗ്യരും ഇന്ത്യൻ ശിക്ഷാനിയമപ്രകാരം വിചാരണ ചെയ്യപ്പെടേണ്ടവരുമാകുന്നു. കെ.എസ്.ഇ.ബി. പ്രാഥമിക പഠനം നടത്തി 48 ചെറുകിട വൈദ്യുത പദ്ധതികൾ സംസ്ഥാനത്ത് കണ്ടെത്തിയിരുന്നു. എന്നാൽ, ബോർഡിന് വേണ്ടത്ര വിഭവശേഷി ഇല്ലാത്തതിനാൽ മീൻവല്ലം ഉൾപ്പെടെയുള്ള പദ്ധതികൾ സ്വകാര്യ സംരംഭകർക്ക് കൈമാറാൻ 1996-ൽ തന്നെ നടപടികളെടുത്തു. കെ.എസ്.ഇ.ബി.യ്ക്ക് ഇല്ലാത്ത എന്തു മെച്ചമാണ് അഥവാ വിഭവശേഷിയാണ് ചെറുകിട വൈദ്യുത പദ്ധതിയിൽ പാലക്കാട് ജില്ലാപഞ്ചായത്തിനുള്ളത്? ജില്ലാ പഞ്ചായത്ത് വിശദമായ പദ്ധതിരേഖ തയ്യാറാക്കാൻ ഐ.ആർ.ടി.സി.ക്ക് 75000 രൂപ നൽകിയതും സാങ്കേതിക ഉപദേഷ്ടാക്കളായും നടത്തിപ്പുകാരായും നിയമിച്ചതും ചോദ്യം ചെയ്യപ്പെടുന്നു. കേന്ദ്രവൈദ്യുതി നിയമം 15(എ)5 പ്രകാരം ഒരു വൈദ്യുത ഉല്പാദനകമ്പനിയുടെ സാങ്കേതിക വിദഗ്ധന് യോഗ്യതയായി പറയുന്നതൊന്നും ഐ.ആർ.ടി.സിക്ക് ഇല്ല. പത്താം പഞ്ചവത്സര പദ്ധതിയുടെ (2002-07) വികസന രേഖയിൽ പറയുന്നു. "പാലക്കാട് ജില്ലയിലെ വികസന പ്രശ്നങ്ങളും സാദ്ധ്യതകളും പദ്ധതികളിലും "ഒരിടത്തും മീൻവല്ലം പദ്ധതിയിൽ ജില്ലാപഞ്ചായത്ത് പ്രകടിപ്പിച്ച അത്യാവശ്യം ആവശ്യമില്ലാത്തതായിരുന്നു എന്ന് സംശയിക്കേണ്ടതില്ല." പക്ഷെ, അടിസ്ഥാന സൗകര്യങ്ങൾപോലുമില്ലാതിരിക്കെ, പദ്ധതിയുടെ സ്ഥാപിതശേഷി 3 മെഗാവാട്ട് ഉയർത്തി സർക്കാർ ഉത്തരവാകുകന്നതിനും ഒരുവർഷം മുമ്പുതന്നെ 3 മെഗാവാട്ടിന് വേണ്ട ജനറേറ്ററുകളും പടുകൂറ്റൻ ഇരുമ്പുപൈപ്പുകളും ഉൾപ്പടെ മൂന്നര കോടി രൂപയുടെ സാമഗ്രികൾ വാങ്ങിയതിലെ താല്പര്യം സംശയിക്കേണ്ടതുണ്ട്. അതിനാൽ സർക്കാരിൽനിന്നും 191-ാം വകുപ്പിന്റെ അധികാരം ഉപയോഗിച്ചുകൊണ്ട് മീൻവല്ലം പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന നടപടികൾ കാലതാമസമില്ലാതെ സ്വീകരിക്കാൻ ഓഡിറ്റ് റിപ്പോർട്ടിൽ ആവശ്യപ്പെടുന്നു. "(1) പദ്ധതി തിരിച്ചെടുത്ത് ഉചിതമായ നിർവഹണ സമ്പ്രദായം ഏർപ്പെടുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാൻ കെ.എസ്.ഇ.ബിയെ ചുമതലപ്പെടുത്തുക (2) ജില്ലാ പഞ്ചായത്ത് 1996-ൽ ഐ.ആർ.ടി.സിയുടെ പദ്ധതി അംഗീകരിച്ചതുമുതൽ നാളിതുവരെ സ്വീകരിച്ച നടപടികൾ പരിശോധിച്ച് നഷ്ടവും നഷ്ടോത്തരവാദിത്തവും തിട്ടപ്പെടുത്താൻ ഉചിതമായ അന്വേഷണ നടപടികൾ ഏർപ്പെടുത്തുക." "കമ്പനിയിൽ നിക്ഷേപിച്ച 1,83,87,548 രൂപ പദ്ധതി ഫണ്ടിന്റെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഉചിതമായ സാധൂകരണം സർക്കാരിൽനിന്ന് ലഭിക്കാത്തപക്ഷം, തുക വ്യക്തമായ നഷ്ടമായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും" ഈ റിപ്പോർട്ടിൽ സർക്കാർ ഉചിതമായ അടിയന്തിര നടപടികൾ കൈക്കൊള്ളണം.

*ഡോ. പി.എസ്. പണിക്കർ, ജനജാഗ്രത, പാലക്കാട്-1*

## അതതു സ്ഥലത്തെ ഇടപെടലിനുവേണ്ടി

ഇപ്പോൾ വൃശ്ചികമാണ്.

പതിവായുള്ള വൃശ്ചികകാറ്റും ഇവിടെ വീശുന്നുണ്ട്. ഞങ്ങൾ മരങ്ങളെല്ലാം ഇലപൊഴിയാൻ തുടങ്ങുന്ന കാലമാണിത്. ഉല്പത്തി മുതൽ ഞങ്ങളിവിടെ അനുവർത്തിച്ചുവരുന്ന അനുഷ്ഠാനം. മുമ്പെല്ലാം ഈ അനുഷ്ഠാനം പ്രകൃതിയായിരുന്നു. ഈ ഇടം കാടും. അടുത്തിടയ്ക്കാണ് ഈ ഇടം കാടല്ലാതായതും ഞങ്ങളുടെ തറ പുൽത്തകിടിയായതും. ഇന്നലെ കടുത്ത ശകാരമായിരുന്നു. കഴിഞ്ഞ നാലു ദിനങ്ങൾ, അവരുടെ അനുഷ്ഠാനങ്ങളാൽ അവധി കഴിഞ്ഞെത്തിയദിനം. നാല് നാളത്തെ വൃശ്ചികകാറ്റും ഞങ്ങളുടെ അനുഷ്ഠാനമായ ഇലകൊഴിക്കലും ചേർന്ന് പുൽത്തകിടി ഭംഗിയറ്റുവെന്ന പേരിൽ ആരോഒരാൾ ഞങ്ങളെ ഉറ്റുനോക്കി. അത് പുൽത്തകിടിയിൽ ഞങ്ങളിലെ മഞ്ഞയും, ചുവപ്പും, തവിട്ടും ഇടകലർന്ന് കൊഴിഞ്ഞ ഇലകളുടെ ചാരുതയെയായിരുന്നു. പണ്ട്, ഞങ്ങളെപ്പോലെ കൊഴിഞ്ഞ പൂവിനെ നോക്കി നിങ്ങളിലെ ഒരു കവി പാടിയിട്ടുള്ളതാണ്.

ശകാരിക്കരുത്. ഞങ്ങൾ നിസ്സഹായരാണ്.

*സുഭാഷ് കുരിയാക്കോസ്, കെ.എഫ്.ആർ.എ., പീച്ചി*

## തടവുകാരുടെ മനുഷ്യാവകാശങ്ങൾക്കുവേണ്ടി അനിശ്ചിതകാല നിരാഹാരം തിരുവനന്തപുരത്ത്

പൊതുവിൽ തടവുകാർ അനുഭവിച്ചുപോന്ന അവകാശാനുകൂല്യങ്ങൾ തന്നെ ഏതാണ്ട് നിഷേധിക്കപ്പെടുന്ന അവസ്ഥയാണ് കഴിഞ്ഞ് ആറു കൊല്ലങ്ങളായി സംസ്ഥാനത്ത് രൂപപ്പെട്ടിട്ടുള്ളത്. ഇന്ന് സംസ്ഥാനത്തെ വിവിധ ജയിലുകളിലായി നാനൂറിൽപ്പരം ജീവപര്യന്തക്കാർ, കീഴ്വഴക്കങ്ങൾ വെച്ചു നോക്കിയാൽ, അന്യായ തടങ്കലിൽ തുടരേണ്ടിവരുന്നത് ഈ സ്ഥിതി വിശേഷത്തിന്റെ ഭാഗമാണ്. ഇളവുകളും കിഴിവുകളുമടക്കം **ഇരുപത് കൊല്ലം ശിക്ഷ അനുഭവിച്ചിട്ടും വിട്ടയയ്ക്കപ്പെടാതെ തിരുവനന്തപുരം വനിതാ ജയിലിൽ നരകയാതന അനുഭവിക്കുന്ന എഴുപത്തെട്ടുകാരിയായ അന്നമ്മ എന്ന വൃദ്ധ സംസ്ഥാനത്തെ ജയിലുകളിലെ ഈ ദുരവസ്ഥയുടെ ദയനീയമായ പ്രതീകമാണ്.** ഒരു സ്ത്രീ ഇത്രയും കാലം ജയിലിൽ തുടരുന്ന സംഭവം സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമാണ്. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്താനാവശ്യമായ നയപരവും പ്രായോഗികവുമായ നടപടികൾ സർക്കാർ കൈക്കൊള്ളേണ്ടതുണ്ട്. മുഖ്യമന്ത്രി വി.എസ്. തന്റെ മുൻ നിലപാടിൽ ഉറച്ചു നിൽക്കണമെന്നും തടവുകാരുടെ മനുഷ്യാവകാശ പ്രശ്നങ്ങൾക്ക് ജനാധിപത്യ പരിഹാരം കാണണമെന്നും ആവശ്യപ്പെട്ട് പുതിയ സർക്കാരിന് നിവേദനം നൽകിക്കൊണ്ട് പ്രത്യക്ഷ സമര പരിപാടികളുമായി ജനാധിപത്യവാദികൾ മുന്നോട്ട് പോകുന്നത് ഈ സാഹചര്യത്തിലാണ്.

ജീവിക്കാനുള്ള അവകാശത്തിന്റെ അടിസ്ഥാനത്തിൽ തടവുകാരുടെ മനുഷ്യാവകാശങ്ങൾക്കുവേണ്ടി സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഉയർന്നുവന്നിട്ടുള്ള ഈ പുത്തൻ സാമൂഹ്യ പ്രസ്ഥാനത്തോട് ജനാധിപത്യ ബോധമുള്ള മുഴുവനാളുകളും സഹകരിക്കണമെന്നും സമരത്തിലും തുടർപരിപാടികളിൽ പങ്കാളികളാകണമെന്നും അഭ്യർത്ഥിക്കുന്നു.

**വധശിക്ഷയ്ക്കെതിരെ നിലപാടെടുക്കാൻ പാർലിമെന്റിനോടഭ്യർത്ഥിച്ച് നിയമസഭ മനുഷ്യാവകാശ പ്രമേയം പാസ്സാക്കണം. അർഹരായ ജീവപര്യന്തം തടവുകാരെ വിട്ടയയ്ക്കണം.**

കൂടുതൽ അറിയാൻ , വധശിക്ഷാവിരുദ്ധസമിതി, തിരുവനന്തപുരം
ഫോൺ : ഗിരീഷ്കുമാർ/രാജ്മോഹൻ/ദിലീപ് 9447316701

## ഏലൂർ മലിനീകരണം തുടരുകയാണ്

എറണാകുളം : പെരിയാർ പുഴതീരത്തെ ഇരുനൂറ്റിയമ്പതോളം ഫാക്ടറികളിൽ ഇന്ത്യൻ റെയർ എർത്സ്, ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ് ലിമിറ്റഡ്, മെർക്കം, എഫ്.എ.സി.ടി., സി.എം.ആർ.എൽ., ബിനാനി സിങ്ക് ലിമിറ്റഡ് തുടങ്ങിയ കമ്പനികൾ മാരകവും ക്രൂരവുമായ രീതിയിൽ മലിനീകരണം തുടരുകയാണ്. ഈ പ്രശ്നം ഏലൂർ-എടയാർ മേഖലയിലെ ജനങ്ങളുടേതുമാത്രമല്ല പെരിയാറിന്റെ തീരവാസികളേതുമാത്രമല്ല. പരിഹരിക്കാൻ കേരളത്തിന്റെ രാഷ്ട്രീയബോധം ഉണരേണ്ടതുണ്ട്. പിന്തുണ തേടുന്നു - പുരുഷൻ ഏലൂർ, പെരിയാർ മലിനീകരണ വിരുദ്ധസമിതി, ജനജാഗ്രത, ഏലൂർ ഡെപ്പോ, ഉദ്യോഗമണ്ഡൽ പി.ഒ. ഫോൺ : 9846666955, 9846874655, 9846442222

## അതിരപ്പിള്ളി – ചാലക്കുടിപ്പുഴ വൈദ്യുതിവകുപ്പ് അടങ്ങിയിട്ടില്ല

കഴിഞ്ഞ ജൂൺ 15 ന് ചാലക്കുടിയിൽ നടന്ന പൊതു തെളിവെടുപ്പിൽ ആയിരത്തി ഇരുന്നൂറോളം പേർ ഒറ്റക്കെട്ടായി എതിർപ്പ് പ്രകടിപ്പിച്ചിട്ടും കെ.എസ്.ഇ.ബി.യും വൈദ്യുതിമന്ത്രി എ.കെ. ബാലനും അതിരപ്പിള്ളി വൈദ്യുതി പദ്ധതി നടപ്പാക്കാനുള്ള ജനവിരുദ്ധ, നിയമവിരുദ്ധ ശ്രമങ്ങളിലാണ്. പദ്ധതി നടപ്പാക്കിയതിനുശേഷം സാമ്പത്തികമായോ പാരിസ്ഥിതികമായോ പ്രായോഗികമായി വിജയമല്ലെങ്കിൽ "പണിത ഡാം ബോംബ് വെച്ച് തകർക്കാൻ പരിസ്ഥിതി പ്രവർത്തകർക്ക് അനുവാദം നല്കാമെന്ന്" അത്യാവേശപൂർവ്വം പ്രസംഗിച്ചും പിൻവാതിലിലൂടെ എന്തു വിലകൊടുത്തും ഡാം പണിയുമെന്ന പിടിവാശിയിലാണ് സർക്കാരെന്ന് തോന്നുന്നു. "ഇടതുപക്ഷ അച്യുതാനന്ദൻ സർക്കാർ പാർട്ടിക്കാരുടെ മാത്രം വോട്ടുനേടി അധികാരത്തിൽ വന്നവരല്ല. ജനകീയ സമരങ്ങളെ വിലമതിക്കുന്നവരാണ്. ഒരു മന്ത്രി തന്നെ പരസ്യമായി ഭരണഘടനാ ലംഘനം നടത്തുന്നത് ഉണ്ടാവുകയില്ല-" എന്നൊക്കെയാണ് നമ്മളും കരുതിയത്. എന്തായാലും ഇക്കാര്യത്തിൽ മൗനം വെടിഞ്ഞ് മുന്നിട്ടിറങ്ങേണ്ട സമയമായി. ജനകീയ ഇച്ഛ രാഷ്ട്രീയ നേതൃത്വത്തിനോടും നമ്മളോടും പ്രകടിപ്പിക്കേണ്ട അവസരം.

അതിരപ്പിള്ളി പദ്ധതി ഉപേക്ഷിക്കുക, ഒരു ലക്ഷം ഒപ്പുശേഖരണവും ഗൃഹസന്ദർശന കാമ്പയിനും വിജയിപ്പിക്കുക.

കൂടുതൽ വിവരങ്ങൾക്ക് ചാലക്കുടി റിവർ പ്രൊട്ടക്ഷൻ ഫോറം, ചൈതന്യ, പരിയാരം പി.ഒ., ചാലക്കുടി
ഫോൺ : 924989773, 9895977769, 0487-6524110

## ചാലക്കുടി പുഴയിലേയ്ക്ക് മാരകവിഷമാലിന്യങ്ങൾ ഒഴുക്കുന്നു

അങ്കമാലി : കൊരട്ടി കാടുകുറ്റിയ്ക്കടുത്ത് കാതികുടത്തെ ചാലക്കുടിപ്പുഴയിൽ കേരള കെമിക്കൽസ് ആന്റ് പ്രോട്ടീൻസ് ലിമിറ്റഡ് എന്ന കമ്പനി അപകടകരമായ വിഷമാലിന്യങ്ങൾ വർഷങ്ങളായി ഒഴുക്കിവിടുന്നു. ജപ്പാനിലെ ഓസിൻ കമ്പനിയുമായി സാങ്കേതിക സഹകരണമുള്ള ഇവിടെ എല്ലുപൊടിയിൽ നിന്ന് ജലാറ്റിൻ നിർമ്മിച്ച് വിദേശത്തേക്ക് കയറ്റുമതി ചെയ്യലാണ് മുഖ്യം. തൊഴിലാളികൾക്കും സമീപവാസികൾക്കും കാൻസർ, ശ്വാസകോശ രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, കൂടാതെ സമീപ പ്രദേശത്തെ കൃഷിയിടവും കുടിവെള്ളവും വായുവും മലിനീകരണവും നടത്തുകയാണ്. കുറച്ചുനാൾ മുമ്പ് അന്നമനട പഞ്ചായത്തിലെ അപ്പിനിക്കടവിൽ മത്സ്യം ചത്തുപൊന്തിയിരുന്നു. മാമ്പ്ര ആരോഗ്യ കേന്ദ്രത്തിന്റെ ജലപരിശോധനയിൽ ഓക്സിജന്റെ കുറവും അമ്ലതയുടെ കൂടുതലും റിപ്പോർട്ട് ചെയ്തിരുന്നു.

## കൈനൂർ സമരം തീർന്നിട്ടില്ല

പുത്തൂർ : പന്നിവളർത്തൽ കേന്ദ്രത്തിനെതിരെ ആക്ഷൻ കൗൺസിലിന്റെ സമരം തുടരുകയാണ്. മന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും കെ.എൽ.ഡി.ബി. പന്നികേന്ദ്രം അടച്ചുപൂട്ടാമെന്ന ഉറപ്പ് ഇതുവരെയും പാലിക്കപ്പെട്ടിട്ടില്ല.